# ഇതളുകൾ

## ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്

### കെ.പി.ഇ.എസ് ഹയർസെക്കണ്ടറി സ്കൂൾ

### കായക്കൊടി

# ഉള്ളടക്കം


| | |
|---|---|
| മെഴുകുതിരി | 6 |
| പരിസ്ഥിതിയും ആഗോളതാപനവും | 7 |
| ആർ.സി.സിയിലേക്കൊരു തിരിഞ്ഞുനോട്ടം | 10 |
| കൂട്ടുകാർ | 12 |
| അരുത് ബാലവേല | 13 |
| സാമൂഹ്യ മാധ്യമങ്ങൾ ഇരുതലയായുധം | 15 |
| അമ്മ | 16 |
| വാർധക്യവും പെരുകുന്ന വൃദ്ധസദനങ്ങളും | 18 |
| ടീച്ചർ | 19 |
| പുനർജന്മം | 20 |
| വളരുന്ന വൃദ്ധസദനങ്ങൾ | 22 |
| Mother | 24 |
| പുകച്ചു കളയുന്നതെന്തിന് ? | 27 |
| മലിന കേരളം | 37 |
| സൗഹൃദ വികസനത്തിന്റെ അനിവാര്യത | 40 |

# കൂട്ടുകാരേ ഒരു നിമിഷം

കെ പി ഇ എസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ***ഇതളുകൾ*** എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്. ചെറിയരചനകൾ ഉൾപ്പെടുത്തിയ ഞങ്ങളുടെ ആദ്യസംരംഭത്തിൽ വന്ന പോരായ്മകൾ വായനക്കാർ ക്ഷമിക്കുമെന്ന വിശ്വാസത്തോടെ .

സ്നേഹപൂർവ്വം

എഡിറ്റർ

**ചീഫ് എഡിറ്റർ**

**കെ.പി കമല (ഹെഡ്മിസ്ട്രസ്സ്)**

**എഡിറ്റർ**

**വാസിഫ് അഹ്മദ് (LK യൂണിറ്റ് ലീഡർ)**

**സ്റ്റാഫ് എഡിറ്റർ**

**എ.കെ സുരേഷ്**

**സബ് എഡിറ്റർ**

**മുഹമ്മദ് ഇത്ബാൻ എ .എ**

**അഡ്വൈസറി ബോഡി**

**ഫൗസിയ വി .കെ**

**വി.വി സഫീർ**

**ഇല്ല്യാസ് കെ .യു**

**അംഗങ്ങൾ**

**ധനശ്വരാ രാജ് .കെ.പി**

**ബിലാൽ അബ്ദുൽ ലത്തീഫ്**

**മുഹമ്മദ് അൻസിൽ**

**തഹ്‌ലിയാ ഷെറിൻ**

**ഹിബാ ഫാത്തിമ**




*Nadha Fahriya Nasar*

**8th D**

# മെഴുകുതിരി

ഒരു ചെറു വെളിച്ചം പകർന്നുതരും
മെഴുകുതിരീ നീ നിൻ വെളിച്ചം
മനസ്സിൽ വെണ്മയുടെ സന്തോഷം നൽകു.....

കൂരാകൂരിരുട്ടിൽ ഒരു ചെറു
വെളിച്ചത്തിനായി കാത്തുനിന്നീടവെ
കിട്ടിയെനിക്കാ മെഴുകുതിരിയെ
ആശ്രയിച്ച  ഞാനെത്തുന്നു
എൻ ലക്ഷ്യസ്ഥാനത്തെത്തുംവരെ
കൂരിരുട്ടിലതിൻ പ്രകാശം വെട്ടിത്തിളങ്ങി
ചുവപ്പുനാളം ഇരുട്ടിൽ കത്തിജ്വലിച്ച
എങ്കിലും ഉപയോഗശേഷമതിന്നെ
ഒരു വഴിക്കായി വലിച്ച ചാടീടുമ്പോളാ
രുമോർക്കുന്നില്ലതിൻ ഉപകാരം
വെളിച്ചമുണ്ടായിരുന്നെങ്കിലാരുമതിൻ
വിലയൊന്നും മനസ്സിലാക്കീടുന്നില്ല
എങ്കിലും രാത്രിയിലതി
ന്നാവശ്യക്കാരേറയുണ്ടേ...

ഉപയോഗശൂന്യമായി കരിന്തിരി
വലിച്ചചാടീടവെ.....

**–നവമി ശ്രീകേഷ്** 10$^{th}$–D

**ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്**

# പരിസ്ഥിതിയും ആഗോളതാപനവും

പരിസ്ഥിതിയാണ് ഭൂമിയിലെ മനുഷ്യനുൾപ്പെടെയുള്ള ജീവികളുടെ നിലനിൽപ്പിനാധാരം.പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശനത്തിന് കാരണമാകും.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിക്കാനുള്ള അവസരമായി ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1972 മുതലാണ് ലോക പരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങുന്നത്.എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ശുദ്ധജലവും ജൈവവൈവിധ്യത്തിന്റെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ഉണ്ട് എന്ന സങ്കൽപ്പമാണ് ലോക പരിസ്ഥിതി ദിനത്തിന്റെ കാതൽ.ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസകേന്ദ്രമായി നിലനിർത്തുകയും സുഖവും ശീതളവുമായ ഒരു ഹരിതകേന്ദ്രമായി അടുത്ത തലമുറക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.

എന്നാൽ ഇന്ന് പരിസ്ഥിതിയുടെ സ്വാഭാവികതയെ ഇളക്കി മറിച്ചു കൊണ്ട് ആഗോളതാപനില ക്രമാതീതമായി വർധിച്ചു കൊണ്ടിരിക്കുന്നു.ഹരിതഗൃഹവാതകങ്ങളായ കാർബണ്ഡൈ ഓക്സൈഡ്,cfc,മുതലായവയുടെ ആധിപത്യം അന്തരീക്ഷത്തിലും പരിസ്ഥിതിയിലും ഉണ്ടാക്കിയിട്ടുള്ള ആഘാതം ചെറുതല്ല.ഇത്തരം വാതകങ്ങൾ അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്ന ആവരണം ഊഷ്മാവിന്റെ പ്രവാഹത്തെ തടഞ്ഞുനിർത്തി അന്തരീക്ഷതാപം വർദ്ധിപ്പിക്കുന്നു. മാനുഷികപ്രവർത്തനങ്ങൾ മൂലം 1750 മുതൽ അന്തരീക്ഷത്തിലെ

ഹരിതഗൃഹവാതകങ്ങളുടെ ഗണ്യമായ വർധന ഉണ്ടായിട്ടുണ്ട്.

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗമാണ് $CO_2$ ന്റെ വർദ്ധനക്ക് കാരണമായതെങ്കിൽ കൃഷിയോഗനുബന്ധിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നിവയുടെ വർദ്ധനക്ക കാരണം.വാഹനങ്ങളുടെ വർദ്ധനവും പരിസ്ഥിതിയുടെ താളം തെറ്റിക്കുന്നു.ആഗോളതാപനം വരും ദിനങ്ങളിൽ നാം അനുഭവിക്കാനിരിക്കുന്ന വൻ വിപത്തിന്റെ തുടക്കം മാത്രമാണ്.ആഗോളതാപനത്തിന്റെ ഫലമായി ഓരോ വർഷവും സമുദ്ര ജല നിരപ്പ് ഉയരുന്നു. ആഗോളതാപനം മൂലമുള്ള ഉയർന്ന ചൂടിന്റെ ഭൂരിഭാഗവും ആഗിരണം ചെയ്യുന്നത് സമുദ്രങ്ങളാണ്.ഇത് സമുദ്ര ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്നു.ധ്രുവങ്ങളിൽ മഞ്ഞുരുകുന്നതും സമുദ്രജലനിരപ്പ് ഉയരുമ്പോൾ ഇത് നീരദേശമേഖലയെയും വെല്ലുവിളിക്കുന്നു.കൂടാതെ ആഗോള താപനം ;ജനിതകമാറ്റം സംഭവിച്ച് ചൂടിൽ രോഗാണുക്കൾ പെരുകുന്നതിനും,വെള്ളപ്പൊക്കം, കനത്തമഴ, വരൾച്ച, ജീവികളുടെ കൂട്ടവംശനാശം എന്നിവയ്ക്ക് കാരണമാവുന്നു.മനുഷ്യരടക്കമുള്ള മിക്ക ജീവജാലങ്ങൾക്കും പ്രതികൂലമായാണ് ഭവിക്കുന്നത്. കാലാവസ്ഥയിലുള്ളഅസ്ഥിരത മിക്ക കാർഷിക വിളകളേയും ദോഷകരമായി ബാധിക്കുന്നു. സമുദ്രജലനിരപ്പിലുള്ള ഉയർച്ച തീരദേശവാസികളുടെ വീടുകളെ അപഹരിക്കുന്നു. ഇത് കുടിയേറ്റത്തിനും പട്ടിണിക്കും കാരണമാവുന്നു. കൂടാതെ ഉയർന്ന ചൂടും മറ്റു കാലാവസ്ഥാ വ്യതിയാനങ്ങളും കാരണം ജനിതകമാറ്റം സംഭവിച്ച പല രോഗാണുക്കളും പകർന്ന് പിടിക്കുന്നതിനും സംക്രമിക രോഗങ്ങൾ വർധിക്കുന്നതിനും

കാരണമാവുന്നു. കൂടാതെ ആഗോള താപനം പല സസ്യജന്തുജാലങ്ങളെയും നിലനിൽപ്പിന് തന്നെ ദോഷകരമായി ബാധിക്കുന്നു.ഇത് കൂട്ട വംശനാശനത്തിന് വഴി തെളിയിക്കും.

ഈ വൻവിപത്തുനെ തടുക്കുന്നതിനായി നമുക്ക് വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്.ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപയോഗം കുറക്കുകയാണ് ആദ്യം ചെയ്യേണ്ടത്. പൊതു വാഹനങ്ങളിൽ യാത്രചെയ്യുന്നതും സൈക്കിൾ ഉപയാഗിക്കുന്നതും ഇതിന് സഹായകമാകുന്നു.ബോധവൽക്കരണം ആഗോള താപനത്തിന്റെ തീവ്രത കുറക്കുന്നു.

ഇന്ന് പ്രകൃതിയിലെ മനുഷ്യന്റെ കടന്നുകയറ്റം മൂലം സൃഷ്ടിക്കപ്പെടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഒന്നുമാത്രമാണ്

ആഗോളതാപനം..പ്രകൃതിയുടെ മൗലികതയെ നാം നശിപ്പിക്കരുത്.

കൂടാതെ ആവാസ വ്യവസ്ഥയുടെ ചക്രത്തിൽ അസന്തുലിതമാക്കരുത്. ആധുനിക കാലഘട്ടത്തിൽ മനുഷ്യന്റെ സ്വാർത്ഥവും ചീത്തയുമായ പല ഇടപെടലുകളും പ്രകൃതിയെ വല്ലാതെ അലോസരപ്പെടുത്തുന്നു. വ്യവസായങ്ങളും ഫാക്ടറികളും ഒക്കെ മാനവപുരോഗതിയിൽ അത്യന്താപേക്ഷിതമാണ്.എന്നാൽ അത് പ്രകൃതിക്ക് ഇണങ്ങുന്നത് കൂടിയായാലാണ് യഥാർത്ഥ വികസനം സാധ്യമാകുകയുള്ളൂ എന്ന തിരിച്ചറിവാണ് വിവേകികളായ ഓരോ മനുഷ്യരും ഉൾക്കൊള്ളേണ്ടത്..

**-Rasmi V.C 10th -A**

# ആർ.സി.സി യിലേക്കൊരു തിരിഞ്ഞു നോട്ടം

പുലർച്ചെ 6 മണിക്ക് എഴുന്നേറ്റപ്പോൾ തുടങ്ങിയ പാച്ചിലാണ്. കൃത്യം 11 മണിക്ക് ഞങ്ങൾക്ക് കോഴിക്കോട് റെയിൽവേ സ്റ്റേഷനിലേക്ക് പുറപ്പെടണം.ഉച്ചയ്ക്ക് രണ്ട് മണിക്കാണ് ട്രയിൻ.ദിനചര്യകളെല്ലാം ശടപടേന്ന് തീർത്ത് ഞാനും എന്റെ കൊച്ചു ഫാമിലിയും ഞങ്ങളുടെ ദേവർകോവിലെ തറവാട് വീട്ടിൽ നിന്നും കൃത്യം 11 മണിക്ക് പുറപ്പെട്ടു. നീണ്ടരണ്ടു മണിക്കൂർ യാത്രയ്ക്ക് ശേഷം ഞങ്ങൾ സുഖകരമായി കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ലാൻഡ് ചെയ്തു.ട്രയിൻ രണ്ടു മണിക്കായതിനാൽ ഞങ്ങൾ ഒരു മണിക്കൂർ നേരത്തെയാണ് എത്തിയത്.അതിനാൽ ഞങ്ങൾ ഉച്ചഭക്ഷണം കഴിക്കാൻ വേണ്ടി റെയിൽവേസ്റ്റേഷന് സമീപത്തുള്ള ഹോട്ടലിൽ കയറി . ഭക്ഷണം കഴിച്ച് വീണ്ടും സ്റ്റേഷനിലേക്ക് പോയി.അങ്ങനെ ആദ്യ ട്രെയിൻ യാത്ര അന്ന് കഴിഞ്ഞു. ഞങ്ങൾ മണിക്കുള്ള ജനശതാബ്ദി എക്സ്പ്രസിൽ കയറി. നീണ്ട 8 മണിക്കൂർ യാത്രക്കുശേഷം ഞങ്ങൾ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെത്തി. മണി ആയിരുന്നു. അപ്പോഴേക്കും സമയം രാത്രി  മണി ആയിരുന്നു. സ്റ്റേഷനിൽ നിന്നും പുറത്തിറങ്ങി ഒരു ടാക്സിയിൽ കയറി സമീപത്തുള്ള ഒരു ലോഡ്ജിൽ മുറിയെടുത്ത് അന്ന് അവിടെ താമസിച്ചു.  പിറ്റേന്ന് രാവിലെ

പ്രഭാതകർമങ്ങളെല്ലാം കഴിഞ്ഞ് മണിക്ക് ഞങ്ങൾ ആർ.സി.സി

യിലേക്ക് തിരിച്ചു.

9 മണി ആവുമ്പോഴേക്കും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തി. ഞങ്ങളുടെ സങ്കൽപ്പത്തേക്കാൾ നൂതന സാങ്കേതിക വിദ്യയിൽ ഏറെ മുന്നിലായിരുന്നു ആർ.സി.സി. അവിടെ സ്ത്രീകൾക്കും കുട്ടികൾക്കും മറ്റും വെവ്വേറെ ഒ.പി ബ്ലോക്കുകൾ ഉണ്ടായിരുന്നു. കുട്ടികളുടെ ബ്ലോക്കിൽ ചുമരുകളിൽ ആകർഷകമായ ചിത്രങ്ങൾ വരച്ചിരുന്നു. കളി ചിരി തമാശകളും പഠനവുമായി കഴിയേണ്ട ചെറുപ്രായത്തിൽ മഹാരോഗത്തിന് അടിമപ്പെടേണ്ടി വന്നവർ അവരെ കുറിച്ച് ആവലാതികളും വ്യാകുലതകളുമായി . പക്ഷെ കുട്ടികളുടെ ചിന്ത ഇങ്ങനെയൊന്നുമല്ല. അവർ സുഹൃത്തുക്കളുമായി കളിച്ചുല്ലസിക്കുകയായിരുന്നു. അവരോട് കുറച്ച് സമയം ചെലവഴിച്ച് ഞങ്ങൾ അവിടെ നിന്ന് പുറത്തിറങ്ങി. ആർ.സി.സി യുടെ തൊട്ടടുത്തായി കുടുംബശ്രീ കാന്റീനിൽ ഉച്ചഭക്ഷണം കഴിക്കാൻ വേണ്ടി ഞങ്ങൾ കയറി. അവിടെ ജോലി ചെയ്യുന്ന ഒരു ചേച്ചിയോട് ഞങ്ങൾ ചോദിച്ചു. ഈ ജോലിയിൽ നിങ്ങൾ സംതൃപ്തരാണോ?അവർ പറഞ്ഞു : പൊന്നു മക്കളേ .ഞങ്ങൾ

ഏറെ സന്തോഷത്തോടെയാണ് ഈ ജോലി ചെയ്യുന്നത്.ഇവിടുത്തെ കാൻസർ രോഗികളുമായി ചിലവഴിക്കുന്നതാണ് ഞങ്ങളുടെ ജീവിതത്തിലെ വിലപ്പെട്ട നിമിഷങ്ങൾ. ഈറനണിഞ്ഞ കണ്ണുകളോടെ ഞങ്ങൾ RCC യിൽ നിന്ന് പുറത്തിറങ്ങി. സുഹൃത്തേ..പറ്റുമെങ്കിൽ നിങ്ങളും ഒരുദിവസം RCC യിലേക്ക് ഒരു യാത്ര പോകണം..

-ലുലു ഫാത്തിമ

8th D

# കൂട്ടുകാർ

എത്ര പിണങ്ങിയാലും
എന്നും എൻ കൂടെയുണ്ട്
എൻ പ്രിയ സുഹൃത്ത്.
എന്ത് സങ്കടം വന്നാലും
അത് കേൾകാനായി ഒരാൾ ഉണ്ട്
അതു നമ്മുടെ കൂട്ടുകാരാണ്.
നമ്മുടെ ജീവിതം സന്തോഷകരമാക്കാൻ
കൂട്ടുകാർ ഒരു കാരണക്കാരായി മാറുന്നു .

-സജ ഫാത്തിമ വി.കെ.പി
8th-B

# അരുത് ബാലവേല

പഠിച്ചും കളിച്ചും മധുരിക്കേണ്ട കുട്ടിക്കാലത്ത് പണിചെയ്യാൻ വിധിക്കപ്പെട്ട കുഞ്ഞുങ്ങളെപ്പറ്റി നമ്മൾ വിദ്യാർത്ഥികൾ ചിന്തിക്കേണ്ടതില്ലേ ?

ബാലാവകാശങ്ങൾ പൂർണമായും ലംഘിക്കപ്പെടുന്ന ഒരു സാമൂഹിക വിപത്താണ് ബാലവേല. ബാലവേലയിലൂടെ നിരവധി പ്രശ്നങ്ങളാണ് കുട്ടികൾ നേരിടേണ്ടി വരുന്നത്. കളി ചിരിയുടെ മായാ ലോകത്ത് ആസ്വദിച്ച് കഴിയേണ്ട കുഞ്ഞു ഹൃദയങ്ങൾ തെരുവിലിറങ്ങുന്നതും ഉറങ്ങുന്നതും ഹൃദയം പൊട്ടുന്ന കാഴ്ചയാണ്.

168 ദശലക്ഷം കുരുന്നുകൾ ലോകത്തിന്റെ വിവിധ മേഖലകളിൽ അധ്വാനിക്കുന്നു എന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്ക്. ബാലവേലക്കും ലൈംഗിക ചൂഷണങ്ങൾക്കുമായി 2 ലക്ഷത്തോളം പിഞ്ചുഹൃദയങ്ങൾ മനുഷ്യക്കടത്തിന് വിധേയമാകുന്നു. എന്നാൽ ഇന്ത്യയിൽ

ബാലവേല കുറഞ്ഞുവെന്നാണ് കണക്കുകൾ. ബിഹാർ, ഉത്തർപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളാണ് ഇന്ത്യയിൽ ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നത്.

കുട്ടികളെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിലൂടെ പ്രതിവർഷം 1.2 ലക്ഷം കോടി രൂപ വരുമാനം ഉണ്ടാക്കുന്നതായാണ് കണക്കുകൾ പറയുന്നത്.

ഇന്ത്യയിൽ ബാലവേല ചെയ്യുന്ന 75% കുട്ടികളും സ്കൂളുകളിൽ പോകുന്നില്ല. ഇളം പ്രായത്തിൽ തന്നെ കഠിനാധ്വാനം ചെയ്യുന്നതിനാൽ ഇവർക്ക് മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ ഏറെയാണ്.

ബാലവേല നിർമാർജ്ജനം ചെയ്യേണ്ടത് അത്യാവശ്യം അണ്. നിരവധി കുട്ടികളുടെ ജീവിതമാണ് ബാലവേലയിലൂടെ ഇല്ലാതാകുന്നത്. ഓർത്താൽ നന്ന്...അവർക്കും ഉണ്ടാകും നമ്മളെപ്പോലെ സ്വപ്നങ്ങൾ എന്ന്.

-ഖദീജ അബ്ദുസ്സലാം

9th-A

# സാമൂഹ്യ മാധ്യമങ്ങൾ ഇരുതലയായുധം

വർത്തമാന കാലട്ടത്തിൽ ഏറെ സ്വാധീനിക്കുന്ന ഒന്നാണ് സാമൂഹ്യമാധ്യമങ്ങൾ. 2018 ൽ പ്രളയമുഖത്ത് നമുക്ക് മറ്റുള്ളവരുടെ ബുദ്ധിമുട്ട് അറിയിച്ചു തന്നത് മാധ്യമങ്ങളാണ്. പ്രളയത്തിന് കീഴ്പ്പെട്ടവർക്ക് സേവനം ചെയ്യാൻ നമ്മെ പ്രേരിപ്പിച്ചതിൽ വലിയ പങ്ക് മാധ്യമങ്ങൾക്കുണ്ട്. ധാരാളം ഗുണങ്ങൾ ഉണ്ടെങ്കിലും ദൂഷ്യഫലങ്ങൾ ഒരു പാടാണ്.ഇന്ന് ദൂഷ്യഫലങ്ങൾ അധികവും ബാധിക്കുന്നത് കുട്ടികളെയാണ്. ഫോൺ ഉപയോഗിക്കുന്നതിന്റെ ദോഷങ്ങൾ ഭൂരിഭാഗം ആളുകൾക്കും അറിയാം.

പക്ഷെ ആരും അത് വകവെക്കുന്നില്ല എന്ന് മാത്രം. തിരുവനന്തപുരം കണ്ണ് പരിശോധനാ കേന്ദ്രത്തിൽ 10 വയസ്സിന് താഴെയുള്ള ഒരുപാട് കുട്ടികൾക്ക് കണ്ണിന് കേൻസർ കണ്ടെത്തി.

ഫേസ്ബുക്ക്, വാട്സ് ആപ്പ്, മുതലായ ഇന്റർനെറ്റ് സങ്കേതങ്ങളിൽ മുഴുകിയിരിക്കുകയാണ് ഇന്നത്തെ ജനത. എന്നാൽ അവർ അവരുടെ ജീവിതത്തിൽ പരാജയപ്പെടുകയാണ് ചെയ്യുന്നത്.

Hamna Fathima .M.C 9th A

# അമ്മ

മക്കളായി മൂന്നുപേരുണ്ടെങ്കിലും
അമ്മയേകയാണീവീട്ടിൽ
അച്ഛൻ മറഞ്ഞ കാലംമുതൽക്കമ്മ
ഭാരമായ്തീർന്നോ മൂന്നുപേർകും
മുന്നോഹരി മണ്ണും പങ്കിട്ടെടുത്ത്
മക്കൾ മൂന്നു വഴിക്കായിപിരിഞ്ഞുപോയി
അച്ഛന്റെ ആത്മാവുറങ്ങുന്ന മണ്ണിലന്നന്തിത്താരിയും
പ്രകാശിച്ചതില്ല.
ഉള്ളിൽത്തുടിക്കും ഒരോർമ്മകൾ നോവിന്റെ
ത്താഴങ്ങൾ പെറുക്കി ചിതയെരിച്ച
ദഷ്ശകുനമായി അമ്മയെ കണ്ടൊരുമക്കൾ
വരുന്നതും നോക്കിപ്പിടഞ്ഞമ്മ നീറിനിന്നു
കുട്ടിക്കഥകൾ പകർന്നുരസിച്ചോരാ

പേരക്കിടാവോടി വന്നനേരം
ശാസന പൂണ്ടു മരുമക്കൾ എങ്കിലും
മുത്തശ്ശിയോടൊപ്പമോടിയെത്താൻ
കൈനീട്ടിനിന്നു കരഞ്ഞു പേരക്കിടാവ്
അന്യയായ് മുത്തശ്ശി വേദന പൂണ്ടൊരാ
വേളയിൽ ഞെങ്ങിഞെരുങ്ങിയോ കുഞ്ഞുമനം
മാധുര്യ ബാല്യമേ നിന്നിൽ പകനട്ടും
അഛനും അമ്മയും എന്തുനേടി

മക്കളേ...ഓർക്കും എന്നും തീരാദുരിതമായി
പിന്തുടരും ഈ മാതൃശാപം
പോകാനിടമില്ല എന്നൊരു ദുഃഖമല്ലമ്മതൻ
നെഞ്ചു തുടിച്ചുനിന്നു
പൊള്ളുന്ന ചൂടിലും തന്നുപ്പിലും
മക്കൾക്കായി ഓടിത്തളർന്നൊരഛന്റെ
രൂപവാംമമ്മയെ വന്നു പുണർന്നതപ്പോൾ
അഛനുണ്ടായിരുന്നെങ്കിലമ്മ ഉള്ളംതുടിച്ചു
കൊതിച്ചുപോയി
അഛന്റെ വേർപാടിൽ പിന്നയീയമ്മയെ
മക്കൾ മറന്നുപോയി

ആശകൾ പിന്നെയും ഏറെ നിരാശകളാക്കി
പാതിവഴിയിൽ മരണമടഞ്ഞൊരഛന്റെ
ഓർമ്മയിൽ അമ്മപിടഞ്ഞുവീകെ.....
കൈപിച്ചാരോ നടത്തി ആ അമ്മയെ

വൃദ്ധസദനത്തിൽ കവാടം വരെ
ഏകയായീതീർന്നൊരീ അമ്മതൻ നെഞ്ചിലെ
തേങ്ങുന്ന വേതന കാണുവാൻ ഒരു വട്ടമെങ്കിലും
പോരുമോമക്കൾ ഈ വഴിയെ
പത്തു മാസം ചുമന്നു നടന്നതിൽ
പ്രത്യുപകാരമായി വന്നുകൂട്ടിയാലും തീരുമോ
മക്കളെ നിങ്ങളെ പോറ്റിയ
പെറ്റവയറിന്റെ തീരാകടങ്ങളെല്ലാം ???

**-NANDANA 10th -B**

# വാർധക്യവും പെരുകുന്ന വൃദ്ധസദനങ്ങളും

നമ്മുടെ നാടിനെ നടുക്കിയ സംഭവങ്ങളാണ് പെരുകുന്ന വൃദ്ധസദനങ്ങൾ. ഒരമ്മ ഗർഭം ധരിക്കുന്നത് മുതൽ മകനോടുള്ള കടപ്പാടുകൾ തുടങ്ങുന്നു. ആ കടമകൾ അമ്മ ഉത്തരവാധിത്വ ബോധത്തോടെ നിർവഹിക്കുന്നു.അതുപോലെ ഒരു കുഞ്ഞ് ജനിച്ചു വീഴുന്ന സമയം മുതൽ മരണം വരെ അമ്മയോടുള്ള കടപ്പാടുകൾക്ക് അർഹനാവുന്നു. എന്നാൽ ഇന്നത്തെ മക്കൾ വിവാഹപ്രായം വരെ തന്റെ അമ്മയെ സ്നേഹത്തോടെയും വാത്സല്ല്യത്തോടെയും സംരക്ഷിക്കുന്നു. മകന്റെ സന്തോഷത്തിനായി അമ്മ നല്ല മരുമകളെ തിരഞ്ഞെടുക്കുമ്പോൾ ഒരമ്മയും ഓർത്തിരിക്കില്ല തന്റെ സന്തോഷമാണ് ഇല്ലാതാവുന്നത് എന്ന്. വിവാഹാനന്തരം ഭാര്യയുടെ കൈപ്പിടിയിലൊതുങ്ങുന്ന ഭർത്താക്കന്മാർ അമ്മയോടുള്ള കടപ്പാടുകൾ മറക്കുന്നു.തുടർന്ന് അവരെ വൃദ്ധസദനങ്ങളിലേക്ക് തള്ളിവിടാനും അവർ മടിക്കുന്നില്ല.ഇന്നത്തെ സമൂഹത്തിൽ പേരും പ്രശസ്തിയും ലഭിക്കാൻ പലരും വൃദ്ധസദനങ്ങളിൽ നിന്ന് അമ്മമാരെ തിരികെ വിളിക്കുന്നു. എന്നിട്ടും വീട്ടിലും അമ്മക്ക് നരകതുല്യമായ ജീവിതമായിരിക്കും.അതിനിടെ ഇന്നത്തെ സമൂഹത്തിൽ നിറഞ്ഞു നിന്ന വാർത്തയാണ് വിസയുടെ കാലാവധി കഴിഞ്ഞിട്ടും അൽഷിമേഴ്സ് ബാധിച്ച അമ്മയെ തിരികെ അയക്കാൻ മകൻ തയ്യാറാവുന്നില്ല.

ഇങ്ങനെയുള്ളവരും ഇന്നുമുണ്ട് എന്നതാണ് യാഥാർഥ്യം. ഇന്നത്തെ വൃദ്ധസദനങ്ങളിൽ പോയാൽ അറിയാം അവരുടെ കരഞ്ഞു കലങ്ങിയ കണ്ണുകളിലെ മക്കളോടുള്ള സ്നേഹം. വൃദ്ധസദനങ്ങളിൽ കൊണ്ടുപോയിട്ട് കൂടി അമ്മയ്ക്ക് മകനിൽ സ്നേഹം മാത്രമേ ഉള്ളൂ.അമ്മയുടെ സ്നേഹം എന്നും നിലനിൽക്കട്ടെ.

വൃദ്ധസദനങ്ങൾ തകരട്ടെ.

അംന എൻ

10th -B

## <u>ടീച്ചർ</u>

*നമ്മുടെ ആദ്യത്തെ അധ്യാപിക യാണ്*

*നമ്മുടെ സ്വന്തം മാതാപിതാക്കൾ*

*നമ്മുടെ രണ്ടാമത്തെ അധ്യാപികയും*

*നമ്മുടെ സന്തോഷത്തിലും സങ്കടത്തിലും*

*പങ്കു ചേരുന്നവരുന്നവരുമാണ് ഒരു*

*യഥാർത്ഥ അധ്യാപിക*

*നദാ ഫാത്തിമ*

*8th -B*

# പുനർ ജന്മം

ഞെട്ടിത്തരിച്ചൊരീ പ്രളയം
നമ്മെ വിഴുങ്ങും പ്രളയം
എത്രയോ മനുഷ്യർ തൻ
കണ്ണുനീർ ആ ജലത്തിൽ
അലിഞ്ഞു ചേരിടവേ.
ഒഴുകുന്നതാ ആ ദരിദ്ര
വൃദ്ധന്റെ പുരയിടം
ഏതോ മനസ്സിൻ ഒരു
കൊച്ചു സ്വപ്നം
വിങ്ങുന്നു പൊട്ടുന്നു എൻ മനവും
തോരാതെ പെയ്യുന്ന കണ്ണുനീരും
എന്തിനീ പ്രകൃതിയാം അമ്മ
നമ്മെ രൂക്ഷമായി നോക്കി
എന്തിനീ ഭൂമിയിൽ സർവതും നശിപ്പിച്ചു.
സഹായഹസ്തം നീട്ടി
മറുരാജ്യക്കാർ എത്തി

ഓരോ മനുഷ്യനും എത്തി.

ഉയർന്നെഴുന്നേൽക്കും

സ്നേഹത്തിലൂടെ

ഒന്നായി ഒരുമയായി

ഉയർത്തെഴുന്നേൽക്കും.

വാരിപ്പുണർന്നു ഞങ്ങളെ

സ്നേഹ കരങ്ങളാൽ

മതമില്ല നിറമില്ല ജാതിഭേദ-

ങ്ങളില്ല,വലിയവനില്ല ചെറിയവനില്ല

ഒന്നായി നിൽക്കും ഒറ്റ മനസ്സായി

ദൈവത്തിന്റെ നാട്ടിൽ പിറന്നവർ നാം

എന്തിനീ ക്രൂരത കാട്ടി

നീ നമ്മോട്

നശിക്കില്ല ഞങ്ങൾ മരണം വരെ

പൊരുതി ജയിക്കും ഒറ്റക്കെട്ടായി

പ്രളയമേ..ഇനിയില്ല

നിനക്കൊരു ജന്മം

**-Vishnu Maya.K**

**10th -D**

# വളരുന്ന വൃദ്ധ സദനങ്ങൾ

ഇന്ന് വൃദ്ധസദനങ്ങൾ ഒരു അത്ഭുതമല്ല .വൃദ്ധസദനങ്ങൾ എവിടെ നോക്കിയാലും കാണാൻ കഴിയും.അവിടെ മക്കളെക്കുറിച്ച് സ്വപ്നങ്ങൾകണ്ട് കഴിയുന്ന ധാരാളം മാതാപിതാക്കളെയും തങ്ങളെ തിരിച്ചുകൊണ്ടു പോകില്ല എന്നറിയാമെങ്കിലും തിരിച്ചു കൊണ്ടുപോകും എന്ന വിശ്വാസത്താൽ ആ സ്വപ്നം മാതാപിതാക്കളെ മുന്നോട്ട് ജീവിക്കാൻ പ്രേരണ നൽകുന്നു.ഇന്നും പത്രങ്ങളിൽകാണാം വൃദ്ധസദനങ്ങളിൽ വെച്ച് മരിക്കുന്ന വൃദ്ധമാരെ.മാത്രമല്ല മരണത്തിനു ശേഷവും തിരിഞ്ഞു നോക്കാതിരിക്കുന്ന മക്കളെയും..

ചെറുപ്പകാലത്ത് എത്ര ശ്രദ്ധിച്ചാണ് അമ്മ മക്കളെ നോക്കുന്നത് . മക്കളുടെ നല്ല ഭാവി ഉറപ്പുവരുത്താൻ മക്കളുടെ ചെറുപ്പകാലത്തെ കരുതി വെക്കുന്നവരാണ് അമ്മ. മക്കൾക്ക് ചെറിയ മുറിവ് പോലും ഉണ്ടായാൽവേദനിക്കുന്നത് അമ്മയുടെ മനസ്സാണ്.അങ്ങനെ മക്കളെ വളർത്തുന്നവരാണ് അമ്മ. തിരിച്ച് ഒന്നും പ്രതീക്ഷിക്കാതെയാണ് മാതാപിതാക്കൾ മക്കളെ നോക്കുന്നത്. ആധുനിക ലോകത്ത് എല്ലാ മേഖലകളിലും നമ്മൾ വളരെ മുന്നിലാണ്. എല്ലാവർക്കും പണം, ജോലി, ആർഭാടം എന്നിവയാണ് പ്രധാനം. അതിനിടയിൽ മാതാപിതാക്കളെ നോക്കാനുള്ള സമയം മക്കൾക്ക് ലഭിക്കുന്നില്ല.

തന്റെ മക്കൾ നന്നാവട്ടെ എന്ന് കരുതി മാതാപിതാക്കൾ ഒന്നും പറയില്ല. ഒപ്പം മരുമകളുടെ അവഗണനയും.ചിലയിടത്ത് മകന് അമ്മയെ ജീവനു തുല്യം സ്നേഹിക്കുന്നുവെങ്കിലുംമരുമകളുടെ അവഗണനയും.ഭൂമിയോളം ക്ഷമ ഉള്ളവരാണ് മാതാപിതാക്കൾ. നാം ഒന്നോർത്താൽ മതി നാമും ഒരു നാൾ വൃദ്ധരാകുമെന്ന്.

-കീർത്തന

10th-B

# Mother

Angel
Did you see an angel
asked one teacher ,
one hand raised from the student
teacher asked with curiosity
you had seen an
'Angel'
yes ,teacher I did
and my angle is very special to me.
She does every thing to me
I love my angel very much
my angel has a beautiful
heart not face .
She has hundred invisible hand
but only two visible hands
her sadness is only inside
her heart
it ever come outside
even in her face .
She sacrifices her today for my
bright future
she is the lamp of our family too...
she is the most precious gift I got
from god without any pray..
and my 'Guardian Angel '
it is no one else

## it's my "MOTHER"

Niya Fathima - $9^{th}$ -D




Rashina K
$9^{th}$ -B




Shaziya K.T
8th D

# പൂകച്ചകളയുന്നതെന്തിന് ?

മഴ തിമിർത്തു പെയ്യുന്ന ഒരു വൈകുന്നേരം ഓല മേഞ്ഞ കുടിലിൽ വെള്ളം ഊർന്നിറങ്ങാത്ത് ഒരിടത്ത് ഉമ്മറപ്പടിയിലിരുന്ന് പാടവരമ്പിലേക്ക് നോക്കിയിരിക്കുകയായിരുന്നു മുത്തശ്ശി.

"ന്റെ പെരുമാളേ ഇതെന്താ കഥ. ഇടവപ്പാതികഴിഞ്ഞിട്ടും നിർത്തണില്ല്യേ ഈ പെയ്യല് ?" "ന്റെ അമ്മുക്കുട്ടീങ്ങ് വന്നോട്ടെ ന്നിട്ട് മതി ബാക്കി. ഇടിയും മിന്നലും കണ്ടാന്റെ കുട്ടി പേടിക്കും." അടുക്കളയിൽ നിന്ന് ഓട്ടുപാത്രത്തിൽ വെള്ളം തോരാതെ വീഴുന്നതിന്റെ ശബ്ദം ഉമ്മറത്ത് കേൾക്കാമായിരുന്നു. അമ്മു വരുന്നതും കാത്ത് ഇരിക്കുമ്പോഴാണ് പാൽക്കാരൻ ഗോപാലൻ നായർ അതു വഴി വന്നത്.

"നായരേ,താനിപ്പോ എവിടുന്നാ വരണേ ?" ഞാൻ വീട്ടിലേക്ക് കുറച്ച് സാമാനങ്ങള് വാങ്ങാൻ പോയതാ,ന്തേ നാണ്യാമ്മേ .ങ്ങളെ മൊഖത്തെന്താ ഒരു പേടി പോലെ ?"

"ഒന്നും പറേണ്ടെന്റെ നായരേ.ന്റമ്മൂട്ടി ഇത്‌വരെ പള്ളിക്കൂടത്തീന്ന് വന്നീല്ല.

വരുന്ന വഴിയങ്ങാനും ഞ്ഞ് കണ്ടീനോന്റെ കുട്ടീനേ?"

"ഇല്ല നാണ്യാമ്മേ.സ്കൂള് വിട്ട് ത്ര നേരായിട്ടും എത്തീലേ.ആ ചിലപ്പൊ മഴയായോണ്ട് എവിടേലും കേറിനിന്നിട്ടുണ്ടാവും."

"ആ അമ്മൂട്ടിയെല്ലേ ആ വരണത്."

"എന്ത്യേന്റെ കുട്ടി"

മുത്തശ്ശി കോലായിൽ നിന്നും എത്തിനോക്കി.

"ഹാവൂ.ഇപ്പഴാന്റെ നെഞ്ചിലെ തീയൊന്നടങ്ങീത്."

അമ്മു മെല്ലെ ഇറയത്തേക്ക് കയറി നിന്നു. അവളുടെ വസ്ത്രവും ബാഗും ഒക്കെ നനഞ്ഞിരുന്നു. ബാഗ് അഴിച്ച് വെച്ച് കുടനിവർത്തിവെക്കുന്ന അവളോട് ഗോപാലൻ നായർ ചോദിച്ചു.

"ന്താ അമ്മോ ത്ര വൈകീത് ?"

"മഴയായത് കൊണ്ടാ"

"ന്നായാലും നീ എല്ലാരേം പേടിച്ചിച്ചൂട്ടോ. നിന്റെ മുത്തശ്ശി ആധികേറി ഒരു വകക്കായി."

"അതൊന്ന് പറയണോ നായരേ.ന്റെ കുട്ടി ഈ ഇറയത്ത് കേറുന്നത് വരെ ന്റെ നെഞ്ചിലായിര്ന്ന് ഇടി വെട്ടണത്.ന്റെ പെരുമാള് ന്റെ കുട്ടിക്കൊന്നും വരുത്തില്ല. "

"ന്നാ പിന്നെ ഞാനങ്ങട്ട് പോട്ടെ,ഈ മഴ തോരണ ലക്ഷണില്ല്യ.കാലം തെറ്റിയ പെയ്ത്താ.പെട്ടെന്ന് വരാന്ന് പറഞ്ഞ് പോയതാ വീട്ടില് ഓളും കുട്ട്യോളും കാത്ത് നിക്കണണ്ടാവും."

"ആ ന്നാ നായര് പൊക്കോ.വെറ്തേ അത് ങ്ങളെ ആധികേറ്റണ്ട."

നായര് പാടത്തേക്കിറങ്ങിയ ഉടൻ മുത്തശ്ശി അമ്മുവിൻ നേരെ തിരിഞ്ഞു.

"മുത്തശ്ശീടെ അമ്മൂട്ടിക്ക് വെശക്കണണ്ടാവും ലേ" വായിലെ ശേഷിക്കുന്ന മുറുക്കാൻ തുപ്പിക്കൊണ്ട് മുത്തശ്ശി ചോദിച്ചു.

അമ്മു ഒന്നും മിണ്ടാതെ മുറിയിലേക്കോടി.

"ഇതെന്താ ഈ പെണ്ണിന് പറ്റ്യേ ? സ്കൂള് വിട്ടാ അപ്പത്തൊടങ്ങൂല്ലോ ബഹളം വെശക്കണ് ന്ന് പറഞ്ഞ് ."

വീണ്ടും മെല്ലെ ഉമ്മറപ്പടിയിലിരുന്ന് മുത്തശ്ശി ഓർമ്മകൾ അയവിറക്കി.

അമ്മുവിന് 3 വയസ്സ് ഉള്ളപ്പോഴാണ് അവളെ വെറും 6 മാസത്തേക്ക് നോക്കാൻ മുത്തശ്ശിയെ ഏൽപ്പിച്ച് അവളുടെ അച്ഛനും അമ്മയും ദുബായിലേക്ക് പറന്നത്. 6 മാസത്തിന് ശേഷം അവർ വരുന്ന ദിവസം വന്നെത്തി. മുത്തശ്ശി അമ്മുവിനെയും എടുത്ത് അവരുടെ വരവും കാത്ത് നിന്നു നിന്നു.പക്ഷെ അവരെ എതിരേറ്റത് ഒരു മരണ വാർത്തയായിരുന്നു. എയർപോർട്ടിൽ നിന്നും വരുന്ന വഴിക്ക് അമ്മുവിന്റെ അച്ഛനും അമ്മക്കും ഒരപകടം പറ്റി. അമ്മ മരിച്ചു. അച്ഛൻ ആശുപത്രിയിലായിരുന്നു. മുത്തശ്ശി അമ്മുവിനെ നെഞ്ചോട് ചേർത്ത് വാവിട്ട് നിലവിളിച്ചു.

അച്ഛന്റെ അസുഖം ഭേദമായി. അമ്മയില്ലാതെ കുഞ്ഞിനെ ഒറ്റയ്ക്ക് നോക്കാനാകില്ല. അവിടെ മുഴുവൻ ജോലിത്തിരക്കാണ്.

കുഞ്ഞിനെ ശ്രദ്ധിക്കാനാകില്ല എന്നൊക്കെ പറഞ്ഞപ്പോൾ "ന്റെ കുട്ടീനെ ഞാൻ നോക്കാം "എന്ന് പറഞ്ഞ് മുത്തശ്ശി അവളെ ചേർത്തി പിടിച്ചു.

അക്കാലമത്രയും അവളുടെ ചെലവിനുള്ള തുക അച്ഛൻ അയച്ച് കൊടുക്കുന്നുണ്ടായിരുന്നു.

കാൽ മുട്ടിൽ കൈമുട്ടൂന്നി മുത്തശ്ശി മെല്ലെ അവിടെ നിന്നെണീറ്റു. അമ്മുവിനടുത്തേക്ക് ചെന്നു.

"അച്ഛന്റെ കത്തു വല്ലതും വന്നിക്കുന്നോ അമ്മ്വോ ?"

മുത്തശ്ശി മെല്ലെ അവളുടെ മുറിയിലേക്ക് ചെന്നു. അപ്പോൾ അവൾ കട്ടിലിൽ കിടക്കുകയായിരുന്നു.

"അമ്മൂട്ട്യേ എണീറ്റേ..."

"ഇല്ല മുത്തശ്ശീ.നിക്ക് വയ്യ".കൈ കൊണ്ട് മുഖം പൊത്തി കട്ടിലിലിരുന്ന് കരഞ്ഞു.

"ഹൊ.ന്റെ കുട്ടീടെ തല പൊള്ളുന്നുണ്ട്. ന്റെ കാവിലമ്മേ.ന്റെ കുടേടികേകൊന്നും വരുത്തല്ലേ."

"മുത്തശ്ശി മോക്ക് ഇത്തിരി കട്ടൻ കാപ്പി കൊണ്ട് വരാ ട്ടോ."

"വേണ്ട മുത്തശ്ശീ.നിക്ക് ഇത്തിരി കെടന്നാ മതി."

"ന്നാന്റെ മോള് കെടന്നോ."

മുത്തശ്ശി അവിടുന്ന് എണീറ്റ് അടുക്കളയിലേക്ക് പോയി. മുത്തശ്ശി പോയ ശേഷം അമ്മു മെല്ലെ എഴുന്നേറ്റു. അന്ന് നടന്നതെല്ലാമോർത്ത് അവൾ വീണ്ടും കരഞ്ഞു.

പിറ്റേ ദിവസം അന്നും മഴ പെയ്തിരുന്നു. അവൾ പതിവിലും വൈകി.മുത്തശ്ശി ഉമ്മറത്തിരുന്ന് കണ്ണടച്ച് നാമം ജപിച്ചു.

"ഈശ്വരാ ന്റെ കുട്ടിക്കൊന്നും വരുത്തല്ലേ." ആരോ പടി കയറുന്ന ശബ്ദം കേട്ട് മുത്തശ്ശി നോക്കി. അത് അമ്മുവായിരുന്നു.

"എന്താത് അമ്മോ ? നീയന്താപ്പോ ഇങ്ങനെ വൈകുന്നത്.ങ്ങനെ പോയാൽ നീ ന്നെ ആധികേറ്റിക്കൊല്ലല്ലോ..

അമ്മു ഒന്നും മിണ്ടാതെ മുറിയിലേക്കോടി.

"ഇതെന്താ ഇപ്പൊ കഥ.രണ്ട് ദിവസായി ന്റെ കുട്ടി ന്നോട് മിണ്ടീറ്റ്. ല്ലേല് വാതോരാതെ സംസാരിക്കുന്നതാ.ഈ പെണ്ണിനിതെന്ത് പറ്റി ?

"അമ്മൂ...ന്റെ മോക്ക് എന്താ പറ്റ്യേ...." മുത്തശ്ശി അമ്മുവിന്റെ മുറിയിലേക്ക് ചെന്നു.

"പറയ്യ്.അമ്മൂമ്മ കേക്കട്ടെ ,ഇന്നലെ തലവേദന ആന്ന് പറഞ്ഞിട്ട് ഇന്നേക്ക് അത് മാറീല്ലേ ?.."

"തലവേദന മാറി മുത്തശ്ശീ..പക്ഷേ.."അവളുടെ മുഖത്ത് പേടി നിഴലിച്ചു.

"പിന്നെ !, പിന്നെ ന്താന്റെ കുട്ടിക്ക് ? ."

"ഞാൻ....ഞാൻ " അമ്മുവിന് പറഞ്ഞ് തുടരാനായില്ല.അവൾ മുത്തശ്ശിയെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

"പറയെന്റെ കുട്ട്യേ ,മുത്തശ്ശിക്ക് പേടിയാവണ്ണ്.ന്താ പറ്റ്യേ ? പരിഹാലമില്ലാത്ത പ്രശ്നോന്നും ല്ലാലോ ?പറയ്.."

അവൾ കണ്ണനീർ തുടച്ചു.

മുത്തശ്ശിയുടെ വാക്കുകൾ അവൾക്ക് കരുത്തേകി.

"മുത്തശ്ശീ.ഞാൻ എന്നും സകൂള് വിട്ട് വരുമ്പൊ കുറേ ചേട്ടന്മാർ വന്നു. ന്റെ ക്ലാസിലെ ഉണ്ണീനേം അപ്പൂനേം പിന്നെ കൊറച്ച് കുട്ടികളേം കൂട്ടി മതിലിനപ്പറത്തേക്ക് പോകും.ഞാൻ കൊറേ പ്രാവശ്യം അത് കണ്ടു.ഒരു ദിവസം ഞാൻ ഉണ്ണിയോട് കാര്യം തിരക്കി. ഓൻ ഒഴിഞ്ഞ് മാറി.

"അത് ഞങ്ങൾ വെറ്തെ സംസാരിക്കാൻ പോയതാണ്."അവൻ പറഞ്ഞു. ഒരീസം ഞാനും മീരേം കൂടെ മതിലിനപ്പറം നിന്ന് പുക പൊന്തണ കണ്ട് എത്തി നോക്കി. ഞെട്ടിപ്പിക്കുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. അവരെല്ലാം പുകവലിക്കുന്നു.പിന്നെന്തൊക്കെയോ.ഞങ്ങൾ അത് എച്ച്.എമ്മിനോട് പരാതിപ്പെട്ടു.എച്ച്.എം അവരെ കൈയോടെ പിടികൂടി. ഇനി ഇത് ആവർത്തിക്കില്ല എന്ന് അവർ സത്യം ചെയ്തു.

പിറ്റേന്ന് ഞങ്ങൾ സ്കൂൾ വിട്ട് വരുമ്പോൾ ആ ചേട്ടന്മാർ ഞങ്ങളെ തടഞ്ഞു നിർത്തി ചീത്ത പറഞ്ഞു.

ഞങ്ങൾ അവരെ കാട്ടിക്കൊടുത്തതിന്റെ അരിശം തീർത്തു. ഇന്നുമിന്നലെയും ഒക്കെ അവർ തുടർന്നു. ഞങ്ങളുടെ പേരിൽ അപവാദങ്ങൾ പറഞ്ഞുയർത്തും എന്ന് ഭീഷണിപ്പെടുത്തി."

ചുറ്റും മൗനം പടർന്നു.

"സാരല്ല്യ കുട്ട്യേ." മുത്തശ്ശി മൗനം ഭേദിച്ചു.

"ചീത്ത പറഞ്ഞതിൽ നിക്ക് വെഷമില്ല്യ.

പക്ഷെ അവരെന്താ ഇങ്ങനെ ? എന്തിനാ അവർ നല്ല കുട്ടികളെ ചീത്തയാക്കാൻ നടക്കുന്നേ.? ഇതിലൂടെ എന്താണ് അവർക്ക് ലഭിക്കുന്നത്.? "

"ഒരു നല്ല കാര്യം ചെയ്തതിനാണോ ഞങ്ങൾ ഈ ചീത്ത കേൾക്കേണ്ടി വന്നത്.? എന്താ ഈ ലോകം ഇങ്ങനെ മുത്തശ്ശീ.. ഇതു പോലെ എത്ര കുട്ടികൾക്ക് സംഭവിക്കുന്നുണ്ടാകും. അവർ അത് തുറന്ന് പറയാത്തത് ഭയന്നിട്ടാകാം.എന്നാലും പുതുതലമുറയെ അവർ പുകച്ചുകളയുന്നതെന്തിന്.?"ഇങ്ങനെ അമ്മു

ഒരായിരം ചോദ്യങ്ങൾ മുത്തശ്ശിയോട് ചോദിച്ചു.

എല്ലാം കേട്ട് മുത്തശ്ശി പറഞ്ഞു.

"ന്റെ മോള് അത് കാര്യാക്കണ്ട.മോള് ചെയ്തത് നല്ല കാര്യാ... ചീത്ത കേട്ടാലും രണ്ട് കുട്ട്യോളെ രക്ഷിച്ചല്ലോ ? ആ പിള്ളേര് എന്തേലും പറയട്ടെ. അത്ങ്ങളോ നശിച്ച്. ഇന് മറ്റോലേം കൂടി നശിപ്പിക്കാൻ സമ്മതിക്കരുത്.

മോള് ഇനിയും ഇത്തരം കാഴ്ചകൾ കണ്ടാൽ പ്രതികരിക്കണം ട്ടോ.അതിന്റ ഫലം നമുക്ക് നേരിടാം. അവരെന്ത് പറഞ്ഞാലും മോള് കാര്യാക്കണ്ട.

പുത്തീല്ലാത്ത പിള്ളേര് അങ്ങനെ പലതും പറയും. അത് കേട്ട് തുള്ളാൻ നിന്നാൽ ലോകം തന്നെ നശിക്കും.ഒന്നൂല്ലേലും ന്റെ മോക്ക് പുണ്യേങ്കിലും കിട്ടും."

അവളുടെ കണ്ണീരൊപ്പാൻ മുത്തശ്ശിയുടെ വാക്കുകൾക്ക് മാത്രമേ കഴിയൂ എന്ന് അവൾക്ക് അറിയാമായിരുന്നു. അപ്പോഴും ആ മഴ തോരാതെ പെയ്യുന്നുണ്ടായിരുന്നു.

**അഞ്ജന കെ.കെ 9th -A**

# മലിന കേരളം

ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ വിപത്താണ് പരിസ്ഥിതി മലിനീകരണം. കേരളത്തിൽ ഒരു ദിവസം പുറന്തള്ളപ്പെടുന്നത് ടൺ കണക്കിന് മാലിന്യമാണ്. അതിൽ വളരെ കുറഞ്ഞ അളവിൽ മാത്രം മാലിന്യമാണ് സംസ്കരിക്കപ്പെടുന്നത്. ഏത് നിമിഷവും പൊട്ടിപ്പുറപ്പെട്ടേക്കാവുന്ന പകർച്ചവ്യാധികളിലേക്കുള്ള തീക്കൊള്ളികളാണ് നാം കവറിൽ കെട്ടി വലിച്ചെറിയുന്നത്. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി മാലിന്യമാണെന്നറിഞ്ഞിട്ടും മാലിന്യസംസ്കരണത്തിനുള്ള ഫലപ്രദമായ മാർഗങ്ങൾ ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

പരിസ്ഥിതി മലിനീകരണത്തിനുള്ള ഏറ്റവും വലി കാരണം പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. അത് ജീവജാലങ്ങളുടെ നിലനിൽപ്പിന് തന്നെ ഭീഷണി ആയിത്തീരുന്നു. കുന്നുകൂടിയിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതു വഴി വായുമലിനീകരണത്തിന് കാരണമാവുന്നു. തന്മൂലം ഭൂമിയെ സംരക്ഷിച്ചു വരുന്ന ഓസോൺ പാളിക്ക് വിള്ളലേൽക്കുകയും അത് വഴി അപകടപരമായ

അൾട്രാവയലറ്റ് കിരണങ്ങൾ ഭൂമിയിലെത്തുകയും ചെയ്യുന്നു. ഇത് മനുഷ്യരിൽ മാരകരോഗങ്ങൾ പകരാൻ കാരണമാവുന്നു. എന്നിട്ടും പ്ലാസ്റ്റിക്കിന്റെ ഉപയോഗം ക്രമാതീതമായി വർധിച്ചു കൊണ്ടിരിക്കുകയാണ്.

പരിസ്ഥിതി മലിനീകരണത്തിൽ മനുഷ്യനെ ഏറ്റവും അധികം ബാധിക്കുന്ന ഒന്നാണ് ജലമലിനീകരണം. മനുഷ്യനിലനിൽപ്പിന് ഏറ്റവും അനിവാര്യമായ ഘടകമാണ് ജലം. എന്നാൽ ഭൂമിയിലെ ജലത്തിലെ മൂന്നിലൊന്ന് ഭാഗം മാത്രമാണ് ശുദ്ധമായ ജലം. നമുക്ക് ചുറ്റുമുള്ള പല ജീവജാലങ്ങളും ജല മലിനീകരണം മൂലം വംശനാശ ഭീഷണി നേരിടുന്നുണ്ട്. എന്നാൽ ഇതൊന്നും നാം അറിയുന്നില്ല.

മനുഷ്യൻ പ്രകൃതിയിലേക്ക് കടന്നുകയറുകയാണ് ഓരോ നിമിഷവും. മനുഷ്യന്റെ ഓരോ പ്രവൃത്തിയും അതിന്റ നിലനിൽപ്പിന് തന്നെ ഭീഷണി ആയിക്കൊണ്ടിരിക്കുകയാണ്. കൃഷിയിടങ്ങൾ ഓരോന്നായി നികത്തി കൂറ്റൻ പ്ലാറ്റുകൾ നിർമ്മിച്ചിരിക്കുന്നു. ഇപ്പോൾ സോഷ്യൽ മീഡിയകളിൽ തരംഗമായിക്കൊണ്ടിരിക്കുന്ന ആലപ്പാട് എന്ന ഗ്രാമം ഇല്ലായ്മയുടെ വക്കിലാണിപ്പോൾ. മണൽ ഊറ്റൽ, പാറ പൊട്ടിക്കൽ, മലയിടിക്കൽ എന്നിങ്ങനെ നമ്മൾ പ്രകൃതിയിലേക്ക് കടന്നു കയറുകയാണ്. ഇതിന്റെയൊക്കെ അനന്തരഫലങ്ങളാണ് കഴിഞ്ഞ വർഷം ഒരുപാട് പേരുടെ ജീവനെടുത്ത് കടന്നു പോയ പ്രളയം....അത് ഒരു ഓർമ്മപ്പെടുത്തലാണ്.

ആർഭാട ജീവിതത്തിൽ മുഴുകിയിരിക്കുന്ന മനുഷ്യൻ പരിഷ്കാരങ്ങളിലേക്ക് പോകും തോറും പ്രകൃതിയെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

ഇനിയെങ്കിലും നാം പ്രകൃതിയെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കേണ്ടതുണ്ട്. പരിസ്ഥിതിദിനത്തിൽ ഒരു മരമെങ്കിലും നമുക്ക് നട്ട് വളർത്താം.

ഇനിയെങ്കിലും നാം പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കുക. വരും തലമുറക്ക് വേണ്ടിയെങ്കിലും.അവശേഷിക്കുന്ന ജലാശയങ്ങളെയും കൃഷിയിടങ്ങളെയും നമുക്ക് സംരക്ഷിക്കാം. നമ്മുടെ മുൻഗാമികൽ നമുക്ക് വേണ്ടി കരുതിവെച്ചതിൽ അവശേഷിക്കുന്നതെങ്കിലും വരും തലമുറക്ക് വേണ്ടി കരുതി വെക്കാം.

**അപർണ**

**10th -A**

# പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ അനിവാര്യത

പരിസ്ഥിതിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്ന പലതും മനുഷ്യൻ വരുത്തിവെച്ച വിനകളാണ്. ബുദ്ധിയുള്ള മനുഷ്യൻ ദുഷ്ടത നിറഞ്ഞ മനസ്സോടെ ചെയ്ത പ്രവൃത്തികളുടെ അനന്തരഫലങ്ങളാണ് ഇന്ന് പരിസ്ഥിതി നേരിടുന്ന ഭീഷണികൾ.പ്രകൃതിക്കുമേൽ മനുഷ്യന്റെ വിവേകരഹിതമായ ഇടപെടൽ വരുത്തിവെക്കുന്ന ആപത്തിനെ കുറിച്ച് നമുക്ക് പല രൂപത്തിൽ മുന്നറിയിപ്പ് ലഭിച്ചു കഴിഞ്ഞു. ഈ ഭൂമി നാം നാം വരുംതലമുറയ്ക്ക് കൈമാറേണ്ടതാണെന്ന ബോധവും ഓരോന്നിനും ഭൂമിയിൽ അതിന്റേതായ സ്ഥാനമുണ്ടെന്ന തിരിച്ചറിവും നമുക്കുണ്ടാവണം.

വൃക്ഷങ്ങളും പക്ഷികളും നദികളും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രധാന ഘടകങ്ങളാണ്. ജീവികൾക്കാവശ്യമായ പ്രാണവായു ലഭിക്കുന്നതിന് വൃക്ഷങ്ങളാവശ്യമാണ്. സ്വാർത്ഥമോഹിയായ മനുഷ്യൻ പ്രകൃതിയിലെ വന മരങ്ങളെല്ലാം വെട്ടി നശിപ്പിച്ചു. വെട്ടി നശിപ്പിച്ചതിന് പകരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനവർ തയ്യാറാകുന്നില്ല. വനപ്രദേശങ്ങൾ മൊട്ടകുന്നുകളായി മാറാൻ ഇത് കാരണമായി. വൃക്ഷനാശം മണ്ണൊലിപ്പിനും മണ്ണിന്റെ വളക്കൂറ് നഷ്ടപ്പെടുത്തുന്നതിനും

ഇടയാക്കി. വൃക്ഷനശീകരണത്തോടൊപ്പം പുഴകളും വറ്റി വരണ്ടു. ശുദ്ധജല ദൗർബല്ലയം ഉണ്ടായി. ജല മലിനീകരണത്തിന് പലകാരണങ്ങളുമുണ്ട്. വൃക്ഷനാശം ഒന്നാമത്തെ കാരണം. രാസവളപ്രയോഗവും കീടനാശിനിപ്രയോഗവും ജലമലിനീകരണം കൂടുതൽ രൂക്ഷമാക്കി. തത്ഫലമായി ജലജീവികളും സസ്യങ്ങളും നശിക്കാനിടയായി.

പുഴയിലെ മലിനജലം ഭീകരമായ പലരോഗങ്ങളും പകരുന്നതിന് കാരണമായി.

ലക്ഷോപലക്ഷം വാഹനങ്ങളിൽ നിന്നുയരുന്ന പുകപടലങ്ങളും വ്യവസായ ശാലകളിലെ പുകപടലങ്ങളും അന്തരീക്ഷ വായുവിനെ കൂടുതൽ മലിനപ്പെടുത്തുന്നു. മനുഷ്യൻ അശ്രദ്ധയോടെ വലിച്ചെറിയുന്ന ചപ്പുചവറുകളും മറ്റ് പാഴ്വസ്തുക്കളും പ്രകൃതി നശീകരണത്തിന് ഇടയാക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പ്രകൃതി നേരിടുന്ന ഒരു വലിയ ഭീഷണിയാണ്. ഇന്ന് സർവസാധാരമായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉപയോഗശൂന്യമായിക്കഴിയുമ്പോൾ നമ്മുടെ ചുറ്റുപാടിലേക്കും നാം വലിച്ചെറിയുന്നു. ഇത് മണ്ണിന്റെ ഫലഭൂയിഷ്ഠതയെ നശിപ്പിക്കുക മാത്രമല്ല സസ്യജന്തുജാലങ്ങൾ വളരാനുള്ള സാധ്യതകൂടി ഇല്ലാതാക്കുന്നു. മനുഷ്യനിൽ മാരകമായ രോഗങ്ങൾ സൃഷ്ടിക്കുന്നു.

ഒരു കാലത്ത് പ്രകൃതിയെ സ്നേഹിച്ചും പ്രകൃതി കനിഞ്ഞുതരുന്ന വിഭവങ്ങൾ തരുന്ന വിഭവങ്ങൾ ശേഖരിച്ചും നാം ജീവിച്ചിരുന്നു. എന്നാൽ

ഇന്ന് പ്രകൃതിയെ നാം ചൂഷണം ചെയ്യുന്നു. മനുഷ്യന്റെ അമിതമായ ഇടപെടലും , അനിയന്ത്രിതമായ പ്രകൃതിവിഭവ ചൂഷണവും ലാഭക്കൊതിയുമാണ് ഇന്നത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണം . എന്നാൽ മനുഷ്യർ ചെയ്യുന്ന ഓരോ പ്രവൃത്തിയും തിരിച്ചടികളായി. മനുഷ്യനും മൃഗവും മരവും നക്ഷത്രവുമെല്ലാം ഒരേ പട്ടുനൂലിൽ കോർക്കപ്പെട്ട മുത്തുകളാണ്. പ്രപഞ്ചത്തിന്റെ നാഡി ഞരമ്പുകൾ മുറിച്ചാൽ ഈ ചരാചരങ്ങൾ ഓരോന്നായി വേഗം തകർന്നു പോകും. പ്രകൃതിയുടെ സൗന്ദര്യവും സൗഭാഗ്യവും വികസനത്തിന്റെ തീച്ചൂളയിൽ നഷ്ടപ്പെടുത്തരുത്. പ്രകൃതിക്കിണങ്ങുന്ന വികസനത്തിലൂടെ മാത്രമേ പരിസ്ഥിതി സൗഹൃദ്ദ പുലരുകയുള്ളൂ.

വൈഷ്ണവി വേണുഗോപാൽ പി.വി

10th -A

# K.P.E.S. HIGH SCHOOL





സ്നേഹമാണഖില സാര മൂഴിയിൽ

സ്നേഹ സാര മിഹ സത്യമേകമാം

ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്

# K.P.E.S.H.S.S KAKAKKODY





വന്ദിപ്പിൻ മാതാവിനെ,

വന്ദിപ്പിൻ  മാതാവിനെ

വന്ദിപ്പിൻ വരേണ്യയെ,

വന്ദിപ്പിൻ വരദയെ

ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്

# LITTLE KITES MEMBERS



ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്



# ലിറ്റിൽ കൈറ്റ്സ് ഹാർഡ് വെയർ പരിശീലനം



# ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹെഡ്മിസ്ട്രസ് കൈമാറുന്നു.

# HISTORY OF K.P.E.S.H.S.S

കുറ്റ്യാടിയിൽ നിന്നും 5 കി.മി.അകലെ മലയോരമേഖലയായ കായക്കൊടിയിൽ സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് കെ.പി.ഇ.സ്.ഹൈസ്കൂൾ. 1982 ലാണ് ഈവിദ്യാലയം സ്ഥാപിതമായത്. കായക്കൊടി പഞ്ചായത്ത് എജ്യുക്കേഷണൽ സൊസൈറ്റിയാണ് വിദ്യാലയം സ്ഥാപിച്ചത്. കുഞ്ഞിക്കലന്തൻ മാസ്റ്ററായിരുന്നു ആദ്യ പ്രധാന അദ്ധ്യാപകൻ. വി.കെ.കുഞ്ഞമ്മദ് മാസ്റ്ററുടെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ ഇപ്പോൾ നിലവിലുള്ള പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. 2000-ത്തിൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു

## കെ.പി.ഇ.എസ്.ഹയർ സെക്കന്ററിസ്കൂൾ

## കായക്കൊടി

KL /2018/16062